(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.1/1050/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ:04952371012
തീയതി 12.11.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത്
കട്ടിപ്പാറ പി.ഒ. കോഴിക്കോട് – 673573

സർ,

വിഷയം : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്-ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട് – കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, ഭാഗം 3 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(12) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

<u>പകർ</u>പ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3. കാര്യാലയ പ്രതി.

നം.കെ.എസ്.എ.കെ.കെ.ഡി.പി.1/1050/2020 തീയതി 12.11.2020.

# കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20.11.2018 മുതൽ 31.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെണ്ണത്തിന് മറുപടി ലഭിച്ചു. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ. എം. വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ,<br>വിനിയോഗിച്ച സമയം | 12.10.2020 മുതൽ 19.10.2020 വരെ |
| ശ്രീ. ഇ. വി ഹരി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സി. പി. സതീഷ് കുമാർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. എ. കെ. ഷൈന | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. പി. ജയൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. കെ. എസ്. ഷിബിൻ | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ബേബി രവീന്ദ്രൻ | 01.04.2018 മുതൽ<br>31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി. ഖദീജ കെ. ടി | 01.04.2018 മുതൽ<br>02.06.2018 വരെ |
| | ശ്രീ. ഫ്രാൻസിസ് തോമസ്സ് (അസി. സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ്ജ്) | 03.06.2018 മുതൽ<br>27.06.2018 വരെയും<br>28.11.2018 മുതൽ 16.12.2018 വരെയും |
| | ശ്രീ.എം. എ റഷീദ് | 28.06.2018 മുതൽ<br>27.11.2018 വരെയും |

| | | |
|---|---|---|
| | | 17.12.2018 മുതൽ 31.03.2019 വരെയും |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ. മുഹമ്മദ് ഫൈസൽ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. അബ്ദുൾ നാസർ. എൻ | 01.04.2018 മുതൽ 20.06.2018 വരെ |
| | ഡോ. സി. കെ ഷാജിബ് | 21.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ പി. എച്ച്. സി. | ഡോ. സാപിൻ. സി | 01.04.2018 മുതൽ 28.09.2018 വരെ |
| | ഡോ. ഫെസിന ഹസ്സൻ | 29.09.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ ) | ഡോ. അബ്ദുൽ സമദ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർ വേദം) | ഡോ. പ്രവീൺ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ. സി. ഡി. എസ്. സൂപ്പർ വൈസർ | ശ്രീമതി. രമ്യ കെ. ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രമേശൻ | 01.04.2018 മുതൽ 18.07.2018 വരെ |
| | ശ്രീമതി. സുമില | 19.07.2018 മുതൽ 31.03.2019 വരെ |
| വി. ഇ. ഒ | ശ്രീ. ആശിഖ് | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീമതി. അജിത ക്രിസ്റ്റബൽ | 21.05.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. അഖില ഉണ്ണികൃഷ്ണൻ | 01.04.2018 മുതൽ 01.08.2018 വരെ |
| | ശ്രീമതി. കെ. നിമ്മി | 02.08.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി. ഇന്ദിര വടക്കേപറമ്പിൽ | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീമതി. പ്രേമ. സി | 01.06.2018 മുതൽ 31.03.2019 വരെ |
| അസി. സെക്രട്ടറി | ശ്രീ. ഫ്രാൻസിസ് തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>

| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | സാമ്പത്തിക വിശകലനം |
| 3 | 1-3 | ഫണ്ട് വിനിയോഗം |
| 4 | 1-4 | പദ്ധതി അവലോകനം |
| 5 | 1-5 | ക്യാഷ് പരിശോധന |
| 6 | 1-6 | ആഭ്യന്തര നിയന്ത്രണം |
| 7 | 1-7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 8 | 1-8 | വാർഷിക കണക്കിലെ അപാകതകൾ |
| 9 | 1-9 | രസീത് സൂക്ഷിപ്പിലെ അപാകതകൾ |
| 10 | 1-10 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു |
| 11 | 1-11 | 60 ച.മി. യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് - സംബന്ധിച്ച് |
| 12 | 1-12 | തൊഴിൽ നികുതി - അപാകതകൾ |
| 13 | 1-13 | ഡി. & ഒ. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് |
| 14 | 1-14 | കേസ് സംബന്ധിച്ച രേഖകൾ സൂക്ഷിപ്പിലെ അപാകതകൾ |
| 15 | 1-15 | ദിവസ വേതനം അനുവദിച്ചതിലെ അപാകത |
| 16 | 1-16 | മൈലേജ് ടെസ്റ്റ് നടത്തിയതിന് രേഖകൾ ഇല്ല |
| 17 | 1-17 | ഭവന നിർമ്മാണ പദ്ധതി അപാകതകൾ |
| 18 | 1-18 | പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കലും അനുബന്ധ പ്രവർത്തനങ്ങളും - പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 19 | 1-19 | കായിക രംഗത്തെ സമഗ്ര വികസനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 20 | 1-20 | എസ്.എസ്.എ. പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 21 | 1-21 | കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല |
| 22 | 1-22 | മണ്ണ് ഫില്ലിംഗ് കരാറുകാരന് അധിക തുക നൽകി |
| 23 | 1-23 | കോസ്റ്റ് ഇൻഡക്സിലെ മാറ്റം നടപ്പിലാക്കാത്തതു കാരണം പഞ്ചായത്തിന് നഷ്ടം സംഭവിച്ചു |
| 24 | 1-24 | വലിയ സൗകര്യങ്ങളൊരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവൃത്തികൾക്കും - പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു |
| 25 | 1-25 | പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു |
| 26 | 1-26 | പൊതുമരാമത്ത് പദ്ധതികൾ - മോണിട്ടറിംഗ് ഫലപ്രദമല്ല |
| 27 | 1-27 | ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തി - അപാകതകൾ |
| 28 | 1-28 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി -സബ്സിഡി തെറ്റായ അക്കൗണ്ടിലേക്ക് നൽകി |
| 29 | 1-29 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - വകയിരുത്തിയ ബ്ലോക്ക് പഞ്ചായത്ത് വിഹിതം പൂർണ്ണമായും ലഭിച്ചില്ല |
| 30 | 1-30 | പാലിയേറ്റീവ് രോഗികൾക്ക് മരുന്ന് ലഭ്യമാക്കുന്നതിൽ വൻ കാലവിളംബം. |
| 31 | 1-31 | ആരോഗ്യസ്ഥാപനങ്ങളുടെ മുഖഛായ മാറ്റുന്നതിന് ആർദ്രം മിഷനുമായി കൈകോർത്ത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ് |

| | | |
|---|---|---|
| 32 | 1-32 | അങ്കണവാടികളിലെ ഭക്ഷണ വിതരണ രജിസ്റ്ററുകളിൽ തിരുത്തലുകൾ വരുത്തുന്നു. |
| 33 | 1-33 | അങ്കണവാടി ഹെൽപ്പർ-വർക്കർമാർക്ക് ഹോണറേറിയം - വിശദവിവരങ്ങൾ ലഭ്യമാക്കിയില്ല. |
| 34 | 1-34 | ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്-പ്രൊജക്ടിൽ വകയിരുത്തിയ തുക മുഴുവൻ ലഭിച്ചില്ല-ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചുമില്ല. |
| 35 | 1-35 | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പഞ്ചായത്തിന്റെ കീഴിൽ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നില്ല |
| 36 | 1-36 | വയോജന സൗഹൃദ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കണം |
| 37 | 1-37 | ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയില്ല |
| 38 | 1-38 | പൂനൂർ പുഴ പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്തൽ - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല. |
| 39 | 3-1 | കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല |
| 40 | 3-2 | മണ്ണ് ഫില്ലിംഗ് കരാറുകാരന് അധിക തുക നൽകി |
| 41 | 4-1 | വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരം |
| 42 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം |
| 43 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 44 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 45 | 4-5 | സ്ഥിര നിക്ഷേപം |
| 46 | 4-6 | ഓഡിറ്റ് റിക്കവറി |
| 47 | 4-7 | വായ്പ/വായ്പ തിരിച്ചടവ് |
| 48 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ |
| 49 | 4-9 | ചാർജ് സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയതിന്റെ വിവരം |
| 50 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 51 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 52 | അനുബന്ധം.1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.03.2018 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 57,66,292 |
| വരവ് | 8,80,64,307 |
| ആകെ | 9,38,30,599 |
| ചെലവ് | 8,01,21,635 |
| നീക്കിയിരിപ്പ് | 1,37,08,964 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | യിരിപ്പ് |
| വികസന ഫണ്ട് പൊതുവിഭാഗം | - | 24404614 | 24404614 | 21573757 | 2830857 |
| വികസന ഫണ്ട് എസ്.സി.പി. | - | 8365000 | 8365000 | 8361936 | 3064 |
| വികസന ഫണ്ട് ടി.എസ്.പി. | - | 453000 | 453000 | 422840 | 30160 |
| സംരക്ഷണ ഗ്രാന്റ് റോഡ് | - | 5696000 | 5696000 | 5564145 | 131855 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | - | 4874000 | 4874000 | 4071329 | 802671 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 9286000 | 9286000 | 9280604 | 5396 |
| കെ.എൽ.ജി.എസ്.ഡി.പി | - | - | - | - | - |
| MGNREGS – തൊഴിലാളികളുടെ കൂലി | - | 41071546 | 41071546 | 41071546 | - |
| MGNREGS – അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 49368 | 896072 | 945440 | 912408 | 33032 |

കട്ടിപ്പാറ പഞ്ചായത്തിന്റെ ഖര-ദ്രവ മാലിന്യസംസ്കരണ പദ്ധതികൾക്കായി കോഴിക്കോട് ജില്ല ശുചിത്വ മിഷൻ കോർഡിനേറ്ററുടെ 31.03.2018-ലെ ഡിഎസ്സ്എം/കെ.കെ.ഡി/164/217 തീയതി 31.03.2018 നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച 10,00,000/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ (നമ്പർ 1220, കട്ടിപ്പാറ സർവ്വീസ് സഹകരണ ബാങ്ക്) 15.05.2018 മുതൽ സൂക്ഷിച്ചിരിക്കുകയാണ്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം 30.06.2018 നകം ലഭ്യമാക്കണമെന്നും അല്ലാത്തപക്ഷം തുക 18% പലിശ സഹിതം നിർവഹണ ഉദ്യോഗസ്ഥന്റെ വിശദീകരണത്തോടെ തിരിച്ചടയ്ക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ ജില്ലാ ശുചിത്വ മിഷൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 238 | 89408748 | 168 | 61324971 | 58 | 12 | 95 |

## 1-5 ക്യാഷ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2020 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34,063/- രൂപയുടെ നീക്കിയിരുപ്പ് ബോധ്യപ്പെട്ടു.

## 1-6 ആഭ്യന്തര നിയന്ത്രണം

സ്ഥാപനങ്ങളുടെ ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ ശ്രദ്ധിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ വരവുചെലവു കണക്ക് സൂക്ഷിപ്പും സ്യൂട്ട് രജിസ്റ്റർ ഒഴികെയുള്ള രജിസ്റ്ററുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പും തൃപ്തികരമാണ്. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ എന്നിവ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൗണ്ടു ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. പ്രതിമാസ വരവു ചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ

പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ച പോരുന്നതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ വിഭാഗം ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നടത്തിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ഓഫീസ് മീറ്റിംഗ് ചേരുന്നുണ്ട്. 2018-19 വർഷം പട്ടികജാതി വർക്കിംഗ് ഗ്രൂപ്പ് ഒരിക്കൽ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ (26.12.2018 ന്).

# 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.05.2019 | 01.12.2018 മുതൽ 30.04.2019 വരെ | PAU 1/kattippara/1/19 തീയതി 21.05.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.02.2011 | 2005-06 മുതൽ 2009-10 വരെ | LBA HQ II/8-A 1704/SCP തീയതി 16.03.2011 |

# 1-8 വാർഷിക കണക്കിലെ അപാകതകൾ

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് സാക്ഷ്യപത്രത്തിൽ പരാമർശിച്ച താഴെപ്പറയുന്ന അപാകതകളൊന്നും പരിഹരിച്ചിട്ടില്ല. അവ പരിഹരിക്കേണ്ടതാണ്.

1. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ (1-17(a)) ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ പൂർണ്ണമല്ല എന്ന് പരിശോധനയിൽ കണ്ടെത്തി.

2. ഡേ ബുക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. വാർഷിക കണക്കിൽ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്, അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ലഭിച്ച ശുചിത്വമിഷൻ ഫണ്ട് തനത് ഫണ്ടിലും അങ്കണവാടി പോഷകാഹാര പദ്ധതിക്കായി ലഭിച്ച കേന്ദ്രവിഹിതം വസ്തുനികുതിയുടെ ഈ – പേയ്മെന്റ് അക്കൗണ്ടിലുമാണ് സൂക്ഷിച്ചിട്ടുള്ളത്. ആയതിന്റെ വിനിയോഗ വിവരം കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

# 1-9 രസീത് സൂക്ഷിപ്പിലെ അപാകതകൾ

1) കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തെ ഡേ ബുക്ക്, സാംഖ്യ രസീതുകൾ എന്നിവയുടെ പരിശോധനയിൽ ഡേ ബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. താഴെപ്പറയുന്ന ദിവസങ്ങളിലെ ക്യാൻസൽ ചെയ്ത രസീതുകളുടെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭിച്ചില്ല.

| തീയതി | സാംഖ്യ രസീത് നം. | സ്റ്റേഷനറി നം. |
|---|---|---|
| 07.06.2018 | 118030100586 | 5929657 |
| 09.07.2018 | 118030100905 | 5930000 |
| 01.09.2018 | 118030101489 | 5930599 |
| 19.09.2018 | 118030101671 | 5930789 |
| 24.10.2018 | 118030102239 | 9027367 |
| 22.02.2019 | 118030103872 | 9029041 |
| 11.03.2019 | 118030104116 | 9029292 |
| | | |

| | | |
|---|---|---|
| 15.03.2019 | 118030104210 | 9029389 |
| 19.03.2019 | 118030104250 | 9029429 |

ഡേ ബുക്കിനോടൊപ്പം അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പുവരുത്തേണ്ടതാണ്.

2) രശീത് ബുക്കുകളുടെ പേജുകളുടെ എണ്ണം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 11598, 11599, 11600, 11601, 11603, 11605, 11607, 11613, 11614, 11615, 11616, 49237, 49238, 49239, 49241, 49242, 49243, 49244, 49245, 49246 49247, 49248, 49251, 49253, 49258, 49259, 49260, 49261, 49262, 49263, 49264, 49265, 62622, 62626 എന്നീ ബുക്കുകളുടെ പേജുകൾ സാക്ഷ്യപ്പെടുത്താതെയാണ് കളക്ഷന് നൽകിയിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം. 08/18-19, തീയതി 16.10.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-10 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 3 (5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് തക്കതായ കാരണം രേഖപ്പെടുത്താതെ വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

1)

| കെട്ടിട നം. | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 30 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 2/429A | കെ. റഷീദ്, കുനിയിൽ, എടക്കര(പി.ഒ) | 21.6 $m^2$ , താഴത്തെ നില വാണിജ്യം | 778 + 39 (5% LC) = 817 |
| | | | |

| | | | |
|---|---|---|---|
| 2/429B | ചേളന്നൂർ | 23.5 $m^2$ , താഴത്തെ നില വാണിജ്യം | 846 + 43 (5% LC) = 889 |
| 2/429C | | 25.56 $m^2$ , താഴത്തെ നില വാണിജ്യം | 921 + 47 (5% LC) = 968 |
| 2/429D | | 25.5 $m^2$ , താഴത്തെ നില വാണിജ്യം | 918 + 46 (5% LC) = 964 |
| 2/ 429E | | 21.55 $m^2$, താഴത്തെ നില വാണിജ്യം | 776 + 39 (5% LC) = 815 |
| | ആകെ | 117.71 $m^2$ | 4239+ 214 (5% LC) = 4453 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 50/- രൂപ

ആകെ തറവിസ്തീർണ്ണം - 117.71 ച. മീ

117.71 x 50 = 5885.5 + ( 20% വഴി സൗകര്യം വർദ്ധനവ് )

= 7063 + 354 (5% LC) = 7417

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 7417

ഈടാക്കിയ നികുതി - 4453

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം ( 7063 + 354 ) - ( 4239 + 214 )

2824 + 140 ( 5% LC ) = 2964

2)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 30 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 2/352 A | മുഹമ്മദ് റഫീഖ്, അബ്ദുൾ ഷരീഫ്, വടക്കെപറമ്പിൽ, കട്ടിപ്പാറ | 27.56 $m^2$, താഴത്തെ നില വാണിജ്യം | 993 + 50 (5% LC) = 1043 |
| 2/352B | | 19.76 $m^2$, താഴത്തെ നില വാണിജ്യം | 712 + 36 (5% LC) = 748 |
| 2/352C | | 19.76 $m^2$, താഴത്തെ നില വാണിജ്യം | 712 + 36 (5% LC) = 748 |
| 2/352D | | 90.87 $m^2$, താഴത്തെ നില വാണിജ്യം | 3272 + 164 (5% LC) = 3436 |
| 2/352E | | 29.44 $m^2$, താഴത്തെ നില വാണിജ്യം | 1060 + 53 (5% LC) = 1113 |

| | | | |
|---|---|---|---|
| 2/352F | | 25.49 $m^2$, താഴത്തെ നില<br>വാണിജ്യം | 918 + 46 (5% LC) = 964 |
| 2/352 G | | 27.81 $m^2$, താഴത്തെ നില<br>വാണിജ്യം | 1002 + 51 (5% LC) = 1053 |
| | ആകെ | 240.69 $m^2$ | 8669 + 436 (5% LC) = 9105 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 50/- രൂപ

ആകെ തറവിസ്തീർണ്ണം- 240.69 ച.മീ

240.69 x 50 = 12035 + (20% വഴിസൗകര്യം വർദ്ധനവ്) = 14442 + 723 (5% LC) = 15165

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 15165

ഈടാക്കിയ നികുതി - 9105

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം ( 14442 + 723 ) - ( 8669 + 436 )

5773 + 287 (5% LC) = 6060

3)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 30 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 2/53 A | ഹാരിസ്, കൂടക്കൽ, കോറോത്ത് റോഡ് | 15 $m^2$, താഴത്തെ നില<br>വാണിജ്യം | 540 + 27 (5% LC) = 567 |
| 2/53 B | | 15 $m^2$, താഴത്തെ നില<br>വാണിജ്യം | 540 + 27 (5% LC) = 567 |
| 2/53 C | | 18.06 $m^2$, താഴത്തെ നില<br>വാണിജ്യം | 651 + 33 (5% LC) = 684 |
| 2/53 D | | 18.06 $m^2$, താഴത്തെ നില<br>വാണിജ്യം | 651 + 33 (5% LC) = 684 |
| 2/53 E | | 18.06 $m^2$, താഴത്തെ നില<br>വാണിജ്യം | 651 + 33 (5% LC) = 684 |
| 2/53 F | | 18.06 $m^2$, താഴത്തെ നില<br>വാണിജ്യം | 651 + 33 (5% LC) = 684 |
| | ആകെ | 102.24 $m^2$ | 3684 + 186 (5% LC) = 3870 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 50/- രൂപ

ആകെ തറവിസ്തീർണ്ണം- 102.24 ച.മീ

102.24 x 50 = 5112 + ( 20% വഴിസൗകര്യം വർദ്ധനവ് ) = 6135 + 307 ( 5% LC ) = 6442

ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 6442

ഈടാക്കിയ നികുതി - 3870

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം ( 6135 + 307 ) - ( 3684 + 186 )

2451 + 121 ( 5% LC ) = 2572

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗമെന്ന നിലയിൽ കെട്ടിട നികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/18-19 തീയതി 16.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് - സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207, സ.ഉ (എം. എസ്) 358/15 തി. 16.12.2015 എന്നിവ പ്രകാരം 60 ച. മീ വരെ വിസ്തീർണമുള്ള എല്ലാ വാസഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച. മീ യിൽ കൂടുതൽ വിസ്തീർണമുള്ള താഴെപ്പറയുന്ന കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര്, വിലാസം |
|---|---|---|---|
| 1 | 9/119 | 140.01 $m^2$ | ജയ്ക്കോ ജോർജ്, ഹൈവേ എസ്റ്റേറ്റ്, കൂടത്തായി |
| 2 | 15/103 | 120 $m^2$ | അബ്ദുൾനാസർ, ഇരുൾകുന്നുമ്മൽ |

വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിസ്തീർണം, ഉപയോഗ ക്രമം എന്നിവ പുന:പ്പരിശോധിക്കേണ്ടതാണ്. ചട്ട പ്രകാരം വസ്തു നികുതി അടവാക്കേണ്ട മുഴുവൻ കെട്ടിടങ്ങൾക്കും നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7-18-19) തീയതി 16.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 തൊഴിൽ നികുതി - അപാകതകൾ

i) <u>അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചതു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ,

അവധി വേതനം, ഉത്സവ ബത്ത, മറ്റ് അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്. കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്

2) ചെമ്പ്ര റോക്ക് എം. സാന്റ് പ്രൊഡക്ട്സ്

3) ഷാഡോ സാന്റ് , പുല്ലാഞ്ഞിമേട്

4) എ.എൽ.പി സ്കൂൾ, അമ്പായത്തോട്

ii) <u>തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല</u>

കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | വാർഡ് / കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 9/199 B | യു.എൽ.സി.സി ഹോട്ട് മിക്സ് പ്ലാന്റ് | 5 |
| 2 | 8/260 A | എ.ബി.ഡി എം. സാന്റ് | 5 |
| 3 | 8/317 | ജിയോ അഗ്രോ പ്രൊഡക്ട്സ് | 2 |
| 4 | 11/385 L | സി.എ.ടി പ്രിന്റിംഗ് വർക്ക്സ് | 3 |
| 5 | 12/398 A, 398 B | ഇംദാദ് എനർജി സൊല്യൂഷ്യൻ | 3 |
| 6 | 12/100 | ടി. സി ബ്രദേഴ്സ് | 3 |
| 7 | 7/124 A, 124 B | എ. ജെ ട്രേഡേഴ്സ് | 2 |
| 8 | 11/9 A | കുരിക്കൽസ് ഓഡിറ്റോറിയം | 2 |
| 9 | 3/126 | പെർഫക്ട് സ്റ്റിച്ചിംഗ്സ് | 6 |
| 10 | 12/14, 15A, 15B, 15C | ഗോൾഡൻ സീ ഫുഡ് | 4 |
| 11 | 9/299 D | എറൈസ് സ്റ്റീൽ ഫാബ് | 4 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ( തൊഴിൽ നികുതി ) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി / തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി, രസീത് നം., തീയതി എന്നിവ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

ട്രേഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ്

ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1) വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

2) എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നല്കേണ്ടതും ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്.

3) ട്രേഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

4) മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 04/18-19, തീയതി 16.10.2020 ) മറുപടി ലഭിച്ചിട്ടില്ല.

## 1-13 ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച്

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2018-19 വർഷത്തിൽ കട്ടിപ്പാറ ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 186 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2018 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 51 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2019 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1211 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 186 പേർ മാത്രമാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്.

ഡി & ഒ ലൈസൻസ് അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും അപേക്ഷകൻ രേഖപ്പെടുത്തുന്നില്ല. അപേക്ഷകളിൽ ആവശ്യമായ ഫീൽഡ് അന്വേഷണം നടത്തിയതിന് ശേഷമാണ് ലൈസൻസ് അനുവദിക്കുന്നതെന്നും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5/18-19 തീയതി 16.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 കേസ് സംബന്ധിച്ച രേഖകൾ സൂക്ഷിപ്പിലെ അപാകതകൾ

പഞ്ചായത്തിന് മാലിന്യ സംസ്കരണ കേന്ദ്രം സ്ഥാപിക്കുന്നതിന് സ്ഥലം എടുക്കുന്നത് സംബന്ധിച്ച് കോടതിയിൽ അടിയന്തിരമായി കോവിയേറ്റ് ഫയൽ ചെയ്യുന്നതിനായി വക്കീൽ ഫീസ് ഇനത്തിൽ അഡ്വക്കേറ്റ് ശ്രീ. ബിമൽ ദാസിന് വൗച്ചർ നമ്പർ 51800403/05.09.18 പ്രകാരം 15,000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ കേസ് സംബന്ധിച്ച വിശദാംശങ്ങൾ സ്യൂട്ട് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കേസിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച ഫയൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 29/ 18-19 തീയതി 16.10.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്യൂട്ട് റജിസ്റ്റർ, കേസ് ഫയൽ, കേസിന്റെ വിധിയുടെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ ഈയിനത്തിലുള്ള 15,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-15 ദിവസ വേതനം അനുവദിച്ചതിലെ അപാകത

ജി.ഒ. (പി) നം.56/2016/ധനം. തീയതി 28.04.2017 ഉത്തരവ് പ്രകാരം ദിവസ വേതനം അനുവദിക്കുന്ന ബില്ലിനോടൊപ്പം അറ്റന്റൻസ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ രേഖയും ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ ദിവസവേതന അടിസ്ഥാനത്തിൽ ക്ലാർക്കിനെ നിയമിച്ചപ്പോൾ നൽകിയ വേതനത്തിന്റെ ബില്ലുകളോടൊപ്പം ഈ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വിസിഷന്റെ അടിസ്ഥാനത്തിൽ വേതനം അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒഫീസിൽ ഇതു സംബന്ധിച്ച മസ്റ്റർ റോൾ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെട്ടതിനുശേഷം ഒരു അറ്റന്റൻസ് റജിസ്റ്റർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2018 മാർച്ച് മാസത്തെ വേതനം ഏപ്രിലിൽ അനുവദിച്ചപ്പോൾ 27 ദിവസത്തെ വേതനം അനുവദിച്ചിട്ടുണ്ട്. എന്നാൽ 2018 മാർച്ച് മാസത്തിൽ 24 പ്രവൃത്തി ദിനങ്ങളാണ് ഉള്ളത്. 3 ദിവസത്തെ വേതനം അധികം അനുവദിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 മൈലേജ് ടെസ്റ്റ് നടത്തിയതിന് രേഖകൾ ഇല്ല

പഞ്ചായത്തിന്റെ വാഹനം മൈലേജ് ടെസ്റ്റ് നടത്തുന്നതിനായി വൗച്ചർ നമ്പർ 51800283/06.07.18 പ്രകാരം 1,000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 57 E 9000 നമ്പറിലുള്ള വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചപ്പോൾ 02.06.2017 ന ശേഷം 12.12.2018 ന് ടെസ്റ്റ്

നടത്തിയതിന്റെ സർട്ടിഫിക്കറ്റാണ് പതിച്ചിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 31/18-19 തിയ്യതി 16.10.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ 1,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു .

# 1-17 ഭവന നിർമ്മാണ പദ്ധതി അപാകതകൾ

പഞ്ചായത്ത് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) <u>ആശ്രയ ഗുണഭോക്താക്കൾക്ക് ഭവനം നിർമ്മിക്കുന്നത് സംബന്ധിച്ച്</u>

പഞ്ചായത്തിലെ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 2-ാം വാർഡിലെ ശ്രീമതി ജാനകി എന്ന ഗുണഭോക്താവിന് സ്വന്തം പേരിൽ റേഷൻ കാർഡ് ഇല്ലാത്തതിനാലും 5ാം വാർഡിലെ ശ്രീമതിമാരായ ആസ്യ, കദീജ എന്നീ ഗുണഭോക്താക്കൾക്ക് സ്വന്തമായി സ്ഥലം ഇല്ലാത്തതിനാലും ഭവനം ലഭ്യമായിട്ടില്ല. ആശ്രയ ഗുണഭോക്താക്കൾക്ക് ആദ്യ പരിഗണന നൽകി പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

2) <u>ലൈഫ് ഭവന പദ്ധതി ലക്ഷ്യം കൈവരിക്കുന്നത് സംബന്ധിച്ച്</u>

ലൈഫ് ഭവന പദ്ധതിയിൽ ഒന്ന്, രണ്ട് ഘട്ടങ്ങളിലായി 2 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | ഗുണഭോക്താവ് | അനുവദിച്ച തുക | റിമാർക്ക്സ് |
|---|---|---|---|
| ഒന്നാം ഘട്ട ലൈഫ് ഭവന പദ്ധതി | രാജേഷ് ഭാസ്കർ | 345000 | 25000 രൂപ കൂടി മാത്രമേ അനുവദിക്കാനുള്ളൂ. മേൽക്കൂരയുടെ പണി പൂർത്തിയായിട്ടില്ല |
| രണ്ടാം ഘട്ട ലൈഫ് ഭവന പദ്ധതി | ജസീല, ഷൗക്കത്ത് | 360000 | 40000 അനുവദിക്കാനുണ്ട് |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 26/2018-19 16.10.2020) മറുപടി ലഭിച്ചിട്ടില്ല. അപാകത പരിഹരിയ്ക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

# 1-18 പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കലും അനുബന്ധ പ്രവർത്തനങ്ങളും - പദ്ധതി നടത്തിപ്പിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരം ശുചിത്വം, മാലിന്യ സംസ്കരണം എന്നിവ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ ഹരിത കേരള മിഷന്റെ ദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. മാലിന്യ ശേഖരണ കേന്ദ്രത്തിനായി കെട്ടിടം നിർമ്മിയ്ക്കുന്നതിനായി സ്ഥലം കണ്ടെത്തുന്നതിനായി സാധിച്ചിട്ടില്ല. 15 വാർഡുകളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഹരിത കർമ്മസേന വഴി ശേഖരിക്കുന്നതിനായി ഹരിത കർമ്മസേന രൂപീകരിയ്ക്കുകയും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തികളൊന്നും തുടങ്ങിയിട്ടില്ല. ഈ പദ്ധതിയ്ക്കായി തയ്യാറാക്കിയിട്ടുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ട് എന്ന പദ്ധതിയ്ക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 3,47,625/- രൂപ

വകയിരുത്തി. പദ്ധതി ( പ്രൊജക്ട് നമ്പർ - 77/18-19 ) നടപ്പിലാക്കാതിരുന്നതിനാൽ ഈ ഫണ്ട് നഷ്ടപ്പെട്ടു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (32/18-19 തീയതി 16.10.2020)യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-19 കായിക രംഗത്തെ സമഗ്ര വികസനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പദ്ധതി - എസ്. ഒ 10/2018-19

ചെലവ് - 4,79,746/- രൂപ

കട്ടിപ്പാറ ഗ്രാമ പഞ്ചായത്തിലെ കുട്ടികളുടെ സമഗ്ര കായിക വികസനത്തിനായി ഉപകരണങ്ങൾ വാങ്ങുന്നതിനും പരിശീലനം നൽകുന്നതിനുമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ സ്പോർട്സ് അക്കാദമി മുഖാന്തിരമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1) അടിസ്ഥാന സൗകര്യം ഒരുക്കാതെ കായിക പരിശീലനത്തിന് ഉപകരണങ്ങൾ വാങ്ങി</u>

സ്കൂൾ തലത്തിൽ കായിക അക്കാദമി രൂപീകരിച്ച് പഞ്ചായത്തിലെ വിദ്യാർഥികൾക്ക് കായിക പരിശീലനം നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയിൽ 1,87,180/- രൂപയ്ക്ക് (ബിൽ നമ്പർ 7/19.03.2019) ഓ ബോഡി ന്യൂട്രിഷൻ ആന്റ് സ്പോർട്സ് കൊയിലാണ്ടി എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ വഴി 6 ഇനം സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്ക് റജിസ്റ്ററിൽ എഴുതിയിട്ടില്ല. ഈ ഉപകരണങ്ങൾ ഹോളി ഫാമിലി എന്ന എയ്ഡഡ് ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററാണ് കൈപ്പറ്റിയിട്ടുള്ളത്. സ്കൂളിന് സമീപമുള്ള കെട്ടിടത്തിലാണ് ഈ ഉപകരണങ്ങൾ സൂക്ഷിച്ചിട്ടുള്ളത് എന്നത് ഫയലിൽ വ്യക്തമാകുന്നുണ്ട്. കെട്ടിട സൗകര്യം ഏർപ്പെടുത്താതെയാണ് പരിശീലനത്തിന് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്.

2) സ. ഉ (കൈ) 11/2018/തസ്വഭവ./29.01.2018 നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.10.5 പ്രകാരം ഗ്രാമ പഞ്ചായത്ത് തല സ്പോർട്സ് കൗൺസിലുകൾ പരിശീലന പരിപാടികൾ ദീർഘ വീക്ഷണത്തോടെയും ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പങ്കാളിത്തത്തോടെയുമാണ് രൂപ കൽപ്പന ചെയ്ത് നടപ്പിലാക്കേണ്ടത്. ഇവിടെ 100 കുട്ടികൾക്ക് 2019 ജനവരി വരെ പരിശീലനം നൽകിയതിനു ശേഷം ടി പദ്ധതി തുടരുന്നതായി കാണുന്നില്ല. കൂടാതെ സ്പോർട്സ് കൗൺസിലിന്റെ പങ്കാളിത്തം ഈ പദ്ധതിയിൽ ഉണ്ടായിട്ടില്ല.

3) സ്പോർട്സ് ഉപകരണങ്ങൾ ഗുണ നിലവാരം ഉറപ്പു വരുത്തുന്നതിന് ടെണ്ടർ രേഖകൾ കായിക പരിശീലന രംഗത്തെ വിദഗ്ദരെക്കൊണ്ട് പരിശോധിപ്പിച്ച്, കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത 2 സ്ഥാപനങ്ങളെ ഒഴിവാക്കിയാണ് പർച്ചേസ് നടത്തിയത്. സാധനങ്ങൾ വാങ്ങുന്നതിന് മുമ്പ് ടി സ്ഥാപനവുമായി യാതൊരു നെഗോസിയേഷനും നടത്താതെ ഉയർന്ന വിലയ്ക്ക് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കൂടാതെ ഈ ടെണ്ടർ സംബന്ധിച്ച വിശദാംശങ്ങൾ ടെണ്ടർ രജിസ്റ്ററിൽ എഴുതിയിട്ടില്ല.

4) കായിക പരിശീലനത്തിന് പങ്കെടുത്ത കുട്ടികൾക്ക് പാൽ നൽകുന്നതിന് ചെലവഴിച്ച 2,55,066/- രൂപ (2,42,214/- രൂപ ബിൽ നമ്പർ 5/19.03.19, 12,852/- രൂപ ബിൽ നമ്പർ 6/19.03.19) പാൽ ലഭ്യമാക്കിയ തോട്ടത്തിൽ ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതിന് പകരം കട്ടിപ്പാറ സമഗ്ര കായിക വികസന പദ്ധതി എന്ന പേരിലുള്ള 67389946300 എന്ന അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 28/ 18-19 തിയ്യതി 16.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-20 എസ്.എസ്.എ. പദ്ധതി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.എസ്.എ പദ്ധതിയുടെ നടത്തിപ്പിനായി താഴെ കാണിച്ച പ്രകാരം 2 പദ്ധതികളിലായി 8,00,000/- രൂപ ജില്ലാ പ്രോഗ്രാം ഓഫീസർക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | തുക | ബിൽ നമ്പർ, തിയ്യതി |
|---|---|---|
| എസ്. ഒ 52/2018-19 | 5,00,000/- (വികസന ഫണ്ട് - ജനറൽ) | 1/04.10.2018 |
| എസ്. ഒ 53/2018-19 | 3,00,000/- (വികസന ഫണ്ട് - എസ്.സി.പി) | 2/04.10.2018 |
| ആകെ | 8,00,000/- | |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) പദ്ധതി പൂർത്തിയാക്കിയതിന്റെ വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) സ. ഉ (കൈ) 11/2018/തസ്വഭവ/29.01.2018 നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.2 പ്രകാരം എസ്.എസ്.എ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഈ പദ്ധതികളുടെ രൂപീകരണത്തിൽ ഗ്രാമ പഞ്ചായത്ത് യാതൊരു ഇടപെടലും നടത്തിയിട്ടില്ല. പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി എസ്.എസ്.എ പദ്ധതിയുടെ നടത്തിപ്പിൽ നടത്തിയ ഇടപെടലുകളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം. 25/18-19 തീയതി 16.10.2020 ) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നത് വരെ 8,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-21 കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല

ജി.ഒ (പി) 3/2012/പി.ഡബ്ല്യു.ഡി തിയ്യതി 01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു. സെക്ഷൻ 2112.1 അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1% വും തുടർന്ന് ഓരോ തവണയും 2% വും, മാക്സിമം 1,00,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്. അങ്ങനെയല്ലാത്ത പക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1% ( പരമാവധി 10% ) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ് ചെയ്യുകയും സെക്ഷൻ 2116.2,2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവർത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ | ബിൽ നമ്പർ, തുക |
|---|---|---|---|---|
| 1 | 168/19<br>കൊട്ടാരപ്പറമ്പ് പള്ളി റോഡ് | 1,25,000 | കെ. എം. ഗോപാലകൃഷ്ണൻ | 1,24,463/-<br>(14/10-07-2018) |
| 2 | 182/19<br>എട്ടേക്ര നിസ്കാരപ്പള്ളി റോഡ് | 2,40,000 | അബ്ദുൾ സത്താർ പി. എം | 2,39,924/-<br>(110/27-03-2019) |
| 3 | 198/19<br>ചമൽ സബ്സെന്റർ നവീകരണം | 2,00,000 | അബ്ദുൾ സത്താർ പി. എം | 1,96,992/-<br>(109/27-03-2019) |
| 4 | 180/19<br>പ്ളാപ്പറ്റ പുല്ലുമല റോഡ് | 4,00,000/- | അബ്ദുൾ സത്താർ പി. എം | 4,00,000/-<br>(108/19-03-2019) |

ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ | കരാർ പ്രകാരം തുക | പൂർത്തീകരിക്കേണ്ട തിയ്യതി, കാലയളവ് | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘി കരണത്തിന് ഈടാക്കേണ്ട പിഴ 1% ( കാലയളവിന്റെ 25% ) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 2% ( കാലയ ളവിന്റെ 25% * തവണ ) | ആകെ ദീർഘീ കരണത്തിന് ഈടാക്കേണ്ട പിഴ |
| 1 | 168/19<br>കൊട്ടാരപ്പറമ്പ് പള്ളി റോഡ് | 125,000 | 180 ദിവസം<br>(27.08.2017) | 11.04.2018(227 ദിവസം) | 1250(45ദിവസം) | (182ദിവസം/45=4.04)<br>2500x4.04=10,100 | 11,350 |
| 2 | 182/19<br>എട്ടേക്ര നിസ്കാരപ്പള്ളി റോഡ് | 2,40,000 | 180 ദിവസം<br>(6.06.2018) | 2.03.2019<br>(269ദിവസം) | 2400(45ദിവസം) | (224ദിവസം/45=4.97)<br>4,800x4.97=23,856 | 26,256 |
| | 198/19<br>ചമൽ സബ്സെന്റർ നവീകരണം | 2,00,000 | 180 ദിവസം<br>(6.06.2018) | 2.03.2019<br>(268ദിവസം) | 2,000<br>(45ദിവസം) | (223ദിവസം/45=4.95)<br>4,000x4.95=19,800 | 21,800 |
| | 180/19<br>പ്ളാപ്പറ്റ പുല്ലുമല റോഡ് | 4,00,000 | 180 ദിവസം<br>(6.06.2018) | 25.02.2019<br>(264ദിവസം) | 4,000<br>(45ദിവസം) | (219ദിവസം/45=4.86)<br>8,000x4.86=38,880 | 42,880 |
| | ആകെ | | | | | | 1,02,286 |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് സാമ്പത്തിക വർഷം കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. നടപടികൾ സ്വീകരിക്കാതിരുന്നത് സൂപ്പർവൈസറി തലത്തിലും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി തലത്തിലും പരിശോധിക്കപ്പെടുകയുണ്ടായില്ല. ഇത് ഗ്രാമപഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്നതിനിടയാക്കുന്നു. ഇതിന്

കാരണക്കാരായവരിൽ നിന്നും നിയമപരമായി ഈടാക്കേണ്ട പിഴ ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ഗ്രാമപഞ്ചായത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമാണ്. കരാറുകാരിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 1,02,286/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/18-19 തീയതി 16.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-22 മണ്ണ് ഫില്ലിംഗ് കരാറുകാരന് അധിക തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ

പ്രൊജക്ട് : പകൽ വീട് ചുറ്റുമതിൽ നിർമ്മാണം

പ്രൊജക്ട് നംപർ : 123/19

ബിൽ നംപർ, തുക : 45/29.10.18 – 2,87,561/-

എം. ബുക്ക് : 107/17-18

മേൽ പ്രവൃത്തിയുടെ ഇനം 1 ആയി 20.56m3 മണ്ണ് കിളച്ചു മാറ്റിയതിന് (എം. ബുക്ക് 107/17-18 പേജ് നമ്പർ 1, 2, 3) m3 ന് 228.38 രൂപ നിരക്കിൽ 4695.49 രൂപ നൽകിയിട്ടുണ്ട്. ഇതേ പ്രവൃത്തിയുടെ ഇനം 7 ആയി 31.60m3 മണ്ണ് ഫില്ലിംഗ് ചെയ്തതിന് (എം. ബുക്ക് 107/17-18 പേജ് നമ്പർ 18, 19) m3 ന് 425.56 രൂപ നിരക്കിൽ 13,447.69 രൂപയും ഈ ബില്ലിൽ ഉൾപ്പെടുന്നുണ്ട്. കോൺട്രാക്ടറുടെ സ്വന്തം മണ്ണ് കൊണ്ടുവന്ന് ഫില്ലിംഗിനായി ഉപയോഗിച്ചതിനാണ് ഇനം 7 ന് തുക നൽകിയിരിക്കുന്നത്. ഇനം 1 പ്രകാരം കിളച്ചുമാറ്റിയ 20.56m3 മണ്ണ്, മണ്ണ് ഫില്ലിംഗിന് യോഗ്യമല്ലെന്ന് എം. ബുക്കിൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇനം 1 പ്രകാരം കിളച്ചു മാറ്റിയ 20.56m3 മണ്ണ് ഇനം 7 ൽ കുറവുവരുത്തേണ്ടതായിരുന്നു. എന്നാൽ അപ്രകാരം കുറവു വരുത്തിയിട്ടില്ല. ഇങ്ങനെ കുറവു വരുത്താത്തതിനാൽ 20.56m3 മണ്ണ് ഫില്ലിംഗിന്റെ തുക കരാറുകാരന് അധികം നൽകുകയുണ്ടായി. ഇനം 7 എർത്ത് ഫില്ലിംഗിൽ നിന്ന് ഇനം 1 പ്രകാരമുള്ള 20.56 m3 കുറവു വരുത്താത്തതിനാൽ m3 ന് 425.56 രൂപ നിരക്കിൽ 8,750/- രൂപയാണ് കരാറുകാരന് അധികം നൽകിയത്. ഇങ്ങനെ അധികമായി കരാറുകാരന് നൽകിയ 8,750/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 33/18-19 തീയതി 16.10.2020)മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-23 കോസ്റ്റ് ഇൻഡക്സിലെ മാറ്റം നടപ്പിലാക്കാത്തതു കാരണം പഞ്ചായത്തിന് നഷ്ടം സംഭവിച്ചു

ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച സ്പിൽ ഓവർ പ്രവൃത്തികളിൽ ചില പ്രവൃത്തികൾക്ക് ടെണ്ടർ സ്വീകരിച്ചതും കരാർ വച്ചതും 2017 ഒക്ടോബർ മാസത്തിന് ശേഷമാണ്. 2017 ഒക്ടോബർ മാസത്തിന് മുമ്പ് തയ്യാറാക്കി അംഗീകാരം വാങ്ങിയ മേല്പറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ അടിസ്ഥാന നിരക്കിനൊപ്പം 1.4.17 മുതൽ പ്രാബല്യത്തിലുള്ള 42.16% നിരക്കിലുള്ള കോസ്റ്റ് ഇൻഡെക്സ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് കോസ്റ്റ് കണക്കാക്കിയത്. എന്നാൽ 1.10.2017 പ്രാബല്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 37.25% ആയി കുറഞ്ഞിരുന്നു. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തി ടെണ്ടർ നടത്തി ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും, പ്രവൃത്തികളുടെ കാര്യത്തിൽ അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തു.

01.10.2017 പ്രാബല്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 37.25% ആയി കുറഞ്ഞതിന് ശേഷമാണ് താഴെപറഞ്ഞ പതിനൊന്ന് പ്രവൃത്തികളും ടെണ്ടർ ചെയ്തു നൽകിയത്. ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് താഴെ കാണിക്കും പ്രകാരം 1,15,244/- രൂപ അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ, കരാർ തീയതി | തുക, ബിൽ നം., തീയതി | നൽകിയ തുക (42.16% നിരക്കിൽ) |
|---|---|---|---|---|
| 1 | 182/19<br>എട്ടേക്ര നിസ്കാരപ്പള്ളി റോഡ് | അബ്ദുൾ സത്താർ പി. എം<br>08-12-2017 | 2,39,924/-<br>(110/27-03-2019) | 2,39,924/- |
| 2 | 196/19<br>ഹോമിയോ ഡിസ്പൻസറി ശൗചാലയം | അബ്ദുൾ സത്താർ പി. എം<br>08-12-2017 | 1,47,200/-<br>(09/10-07-2018) | 1,47,200/- |
| 3 | 179/19<br>കല്ലുള്ളത്തോട് മിച്ചഭൂമി റോഡ് ഡ്രെയിനേജ് | അബ്ദുൾ സത്താർ പി. എം<br>08-12-2017 | 3,35,000/-<br>(22/10-07-2018) | 3,35,000/- |
| 4 | 195/19 അംബേദ്കർ എട്ടേക്ര റോഡ് ഡ്രെയിനേജ് | അബ്ദുൾ സത്താർ പി. എം<br>08-12-2017 | 3,00,000/-<br>(21/10-07-2018) | 3,00,000/- |
| 5 | 193/19<br>അമരാട് ഇടിഞ്ഞകുളം റോഡ് സൈഡ് കെട്ട് | അബ്ദുൾ സത്താർ.പി.എം<br>08-12-2017 | 140,000/-<br>(20/10-07-2018) | 140,000/- |
| 6 | 185/19<br>ഇടിയപ്പാറ അംഗൻവാടി റോഡ് | അബ്ദുൾ സലീം<br>01-03-2018 | 5,99,295/-<br>(27/10-07-2018) | 5,99,295/- |
| 7 | 211/19<br>അമ്പായത്തോട് അംഗൻവാടി നവീകരണം | അബ്ദുൾ സലീം<br>23-02-2018 | 4,99,000/-<br>(29/20-07-2018) | 4,99,000/- |
| 8 | 187/19<br>അമ്പായത്തോട് മൂന്നാം പ്ളോട്ട് അംഗൻവാടി നവീകരണം | അബ്ദുൾ സത്താർ പി. എം<br>08-12-2017 | 2,82,280/-<br>(26/10-07-2018) | 2,82,280/- |
| 9 | 175/19<br>പഞ്ചായത്ത് ഓഫീസ് റിപ്പയർ | അബ്ദുൾ സത്താർ പി. എം<br>08-12-2017 | 1,96,959/-<br>(17/10-07-2018) | 1,96,959/- |
| 10 | 198/19<br>ചമൽ സബ്സെന്റർ നവീകരണം | അബ്ദുൾ സത്താർ പി. എം<br>08-12-2017 | 1,96,992/-<br>(109/27-03-2019) | 1,96,992/- |
| 11 | 180/19<br>പ്ളാപ്പറ്റ പുല്ലുമല റോഡ് | അബ്ദുൾ സത്താർ പി. എം<br>08-12-2017 | | 4,00,000/- |

ഇൻഡക്സ് കുറയുന്നതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാത്തതു കാരണം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ഒഴിവാക്കാൻ വേണ്ട ജാഗ്രത പഞ്ചായത്ത് കാണിക്കുകയുണ്ടായില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 19/18-19 തീയതി 16.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-24 വലിയ സൗകര്യങ്ങളൊരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവൃത്തികൾക്കും - പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു

സ്ഥാപനത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ്ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക്) ആമുഖത്തിൽ ഖണ്ഡിക 4 ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20% വും ഓവർഹെഡ്സ്ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണെന്ന് ഖണ്ഡിക 4 ൽ പരാമർശിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്

2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്

3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്

4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്

6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവു തന്നെ ഇല്ലാത്തതായോ കാണാം. 17 ാം ഇനമായി സൂചിപ്പിച്ച സെയിൽസ് / ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതെയും ഇവയ്ക്കുള്ള പരിഹാര തുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന വെബ് സൈറ്റ് മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ്

ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന്റെ ദുർവിനിയോഗമാണ്. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനും ഫണ്ട് നഷ്ടം ഭാവിയിൽ ഒഴിവാക്കുന്നതിനുമായി എൽ. എസ്. ജി. ഡി ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തി അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ഫലവും റിപ്പോർട്ട് ചെയ്ത് പരാമർശം ഒഴിവാക്കാവുന്നതുമാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/18-19 തീയതി 16.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-25 പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു

സ്ഥാപനത്തിന്റെ അധികാരമേഖലയിൽപ്പെടുന്ന വിവിധ മേഖലകളിലെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഓഡിറ്റ് വർഷത്തിൽ ആകെ 76 പുതിയ പ്രൊജക്ടുകൾ പൊതുമരാമത്ത് മേഖലയിൽ അസി. എഞ്ചിനീയർ അംഗീകാരം വാങ്ങിയിട്ടുണ്ട്. മുൻ വർഷങ്ങളിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ കൂടി പരിഗണിക്കുമ്പോൾ ആകെ പ്രൊജക്ടുകളുടെ എണ്ണം 144 ആണ്. ഇവ നിർവ്വഹിക്കുന്നതിന് വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തിയ 3.81 കോടി രൂപയിൽ 2.18 കോടി രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കാനായത്. പുതിയ പ്രൊജക്ടുകളിൽ 34 എണ്ണത്തിന് തുകയൊന്നും വിനിയോഗിക്കാൻ കഴിയാതെ വന്നപ്പോൾ സ്പിൽ ഓവർ പ്രൊജക്ടുകളുടെ കാര്യത്തിൽ ഇത് 12 എണ്ണം വരുന്നുണ്ട്. വകയിരുത്തിയതിൽ വിനിയോഗിക്കാൻ കഴിയാതെ വന്ന 1.63 കോടി രൂപയിൽ 0.37 കോടി രൂപ വികസനഫണ്ട്, 0.09 കോടി രൂപ വികസനഫണ്ട് (എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ് (0.69 കോടി) മെയിന്റനൻസ് ഗ്രാന്റ് റോഡിതരം (0.23 കോടി) മെയിന്റനൻസ് ഗ്രാന്റ് റോഡ് (0.25 കോടി) എന്നീ ഇനങ്ങളിലായി 1.63 കോടി രൂപ സ്ഥാപനത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ നഷ്ടം കണക്കാക്കിയത് തൻവർഷ അലോട്ട്മെന്റിനൊപ്പം സ്പിൽ ഓവർ ബാധ്യത നിറവേറ്റുന്നതിന് ആവശ്യാനുസരണം സർക്കാർ അനുവദിക്കുന്ന തുക കൂടി പരിഗണിച്ചാണ്. ഇങ്ങനെ 1.63 കോടി രൂപ നഷ്ടപ്പെടുത്തിയതിൽ പ്രധാന പങ്ക് വഹിച്ചത് മരാമത്ത് മേഖലയിലെ നിർവ്വഹണ വീഴ്ചയാണെന്നത് പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. പ്രധാനമായും ആസൂത്രണത്തിലൂടെ ലക്ഷ്യം വച്ച വികസന തലവും നിർവ്വഹണാനന്തരമുള്ള മേൽസ്ഥിതി വിശേഷവും തമ്മിലുള്ള വൻവിടവ്, നിർവ്വഹണത്തിലെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ അഭാവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് രേഖകൾ വ്യക്തമാക്കുന്നു. പ്രൊജക്ടുകളുടെ അംഗീകാരം മുതൽ സാമ്പത്തിക വർഷാവസാനം വരെയുള്ള പ്രക്രിയയിൽ താഴെ പറയുന്ന ഘട്ടങ്ങളിൽ പ്രശ്നങ്ങൾ സംഭവിച്ചിട്ടുണ്ട്.

1) വാർഷിക പദ്ധതിയ്ക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചതിനു ശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുവരെ വന്ന കാലതാമസം

2) എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുന്നതിൽ വന്ന കാലതാമസം

3) സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ കരാറുകാരെ / നിർവ്വഹണ ഏജൻസിയെ ഏല്പിക്കുന്നതിൽ വന്ന കാലതാമസം

കൂടാതെ പ്രൊജക്ടുകളുടെ ആധിക്യം, കുറഞ്ഞ അടങ്കലുള്ള പ്രവൃത്തികൾ എന്നിവയും നിർവ്വഹണ പുരോഗതിയ്ക്ക് തടസ്സമായി.

വാർഷിക പദ്ധതിയ്ക്ക് ഡി.പി.സി. അംഗീകാരം ലഭിച്ച ഉടൻ പ്രൊജക്ടുകൾക്ക് വെറ്റിംഗ് / സാങ്കേതികാനുമതി ലഭിക്കുന്നതിനായി അവ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് സമർപ്പിക്കണമെന്ന ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാത്തത് നിലവിലെ സ്ഥിതി വിശേഷത്തിന് ഒരു

കാരണമായതായി കാണാം. പരിമിതമായ ജീവനക്കാർ മാത്രം ലഭ്യമായിരിക്കെ നിർവ്വഹിക്കാൻ കഴിയുന്നതിനപ്പുറം പ്രൊജക്ടുകൾ തയ്യാറാക്കിയതും മേൽ സ്ഥിതി വിശേഷത്തിന് കാരണമായി. പൊതുമരാമത്ത് മേഖലയിൽ വകയിരുത്തിയ തുകയിൽ 57.21% ത്തിന്റെ പ്രവൃത്തി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ.

പ്രോജക്ടുകളുടെ ആസൂത്രണത്തിനും സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും ഉത്തരവാദപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേരുന്നുണ്ടെങ്കിലും നടപടിക്രമങ്ങളുടെ പുരോഗതി വിലയിരുത്തി സാമ്പത്തികവർഷത്തിനുള്ളിൽ നിർവ്വഹണം സാധ്യമാകും വിധം ഇടപെടലുകൾ നടത്താനായിട്ടില്ല. രണ്ട് പ്രാവശ്യം കരാറുകാരുടെ യോഗം ചേരുന്നതിന് തീരുമാനം കൈക്കൊണ്ടെങ്കിലും നിർവ്വഹണം വേഗത്തിലാക്കാനും സമയപരിധി നിർദ്ദേശിക്കുന്നതിനും കമ്മിറ്റി ശ്രമിച്ചിട്ടില്ല. നിർവ്വഹണത്തിന് തടസ്സങ്ങളുണ്ടെങ്കിൽ കാരണങ്ങൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുവാനും ശ്രമം നടന്നിട്ടില്ല. ഡി.പി.സി. അംഗീകാരം മുതൽ പ്രോജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേല്പറഞ്ഞ തരത്തിലുള്ള കാലവിളംബവും അതുവഴിയുള്ള ധനനഷ്ടവും ഒഴിവാക്കാമായിരുന്നു. നിർവ്വഹണ ഉദ്യാഗസ്ഥനും ബന്ധപ്പെട്ട സംവിധാനങ്ങൾക്കുമുണ്ടായിട്ടുള്ള മേല്പറഞ്ഞ വീഴ്ചകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 21/18-19 തീയതി 16.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-26 പൊതുമരാമത്ത് പദ്ധതികൾ - മോണിട്ടറിംഗ് ഫലപ്രദമല്ല

2018-19 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ആകെ മൂന്നു തവണയാണ് മീറ്റിംഗ് കൂടിയത്. 12-10-2018, 04-12-2018, 10-12-2018 എന്നീ തിയ്യതികളിലാണിത്. അതിനു മുമ്പ് മീറ്റിംഗ് നടന്നത് 27-03-2018 നാണ്. 10-12-2018 നു ശേഷം 15-01-2020 നു മാത്രമാണ് പിന്നീട് യോഗം ചേർന്നത്. 2018-19 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മൂന്നു തവണ മീറ്റിംഗ് കൂടിയതിൽ 2018-19 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല.

പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ത.സ്വ.ഭ.വ തി. 29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2, 13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഗ്രാമ പഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/18-19 തീയതി 16.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-27 ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തി -

# അപാകതകൾ

1) പ്രവൃത്തി – അറമുക്ക് കാറ്റാടിക്കുന്ന് റോഡ്

പ്രൊജക്ട് നമ്പർ – 170/19

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ

ബിൽ നമ്പർ, തുക : 28/20-07-2018 - 1,00,000 /-, 33/20-07-2018 - 1,37,798 /-

കൺവീനർ : വിനോദ് കെ. കെ

2) പ്രവൃത്തി – ചമൽ ബൈപ്പാസ് റോഡ്

പ്രൊജക്ട് നമ്പർ : 172/19

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ

ബിൽ നമ്പർ, തുക : 19/10-07-2018 - 1,98,500 /-

കൺവീനർ : സ്റ്റീഫൻ ടി. കെ

സർക്കുലർ നമ്പർ 1/1559/2010/സി.ഇ/ത.സ്വ.ഭ.വ തിയ്യതി 13-11-2014 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുമ്പോൾ താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

എ) എക്സിക്യൂട്ടീവ് കമ്മറ്റിയും കൺവീനറും തമ്മിൽ ഒരു കരാർ ചമയ്ക്കേണ്ടതാണ്. ഇത് നിർവ്വഹണ ഉദ്യോഗസ്ഥൻ, സെക്രട്ടറി എന്നിവർ സാക്ഷിക്കേണ്ടതാണ്. ക്രമ നമ്പർ ഒന്നിൽ ഇപ്രകാരം ചെയ്തിട്ടില്ല.

ബി) കമ്മിറ്റിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് ആ തുകയാണ് കമ്മിറ്റിക്ക് നൽകേണ്ടത്. ഇതിനായി വാങ്ങുന്ന സാധനങ്ങളുടെ യഥാർത്ഥ ബില്ലുകൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനത്തിന് മസ്റ്റർ റോൾ ( ആധികാരികമായത് ) പേര്, വിലാസം, ഫോൺ നമ്പർ എന്നിവ കാണിക്കുന്ന കൈപ്പറ്റ് രസീത് അല്ലെങ്കിൽ അക്കൗണ്ടിലേക്കാണ് തുക നൽകിയതെങ്കിൽ അതിന്റെ രേഖകൾ, യന്ത്ര സാമഗ്രികളുടെ വാടക സംബന്ധിച്ച വ്യക്തമായ മേൽവിലാസം, ഫോം നമ്പർ എന്നിവ കാണിക്കുന്ന യഥാർത്ഥ ബിൽ വൗച്ചറുകളെ അടിസ്ഥാനമാക്കി വരവു ചെലവു കണക്ക് തയ്യാറാക്കി സമർപ്പിച്ച് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് എന്ന് പരിശോധിച്ച് മാത്രമേ ബിൽ തുക നൽകാൻ പാടുള്ളൂവെങ്കിലും ആധികാരികരേഖയുടേ അടിസ്ഥാനത്തിലല്ല തുക അനുവദിച്ചത്.

സി) ചെയർമാന്റേയും കൺവീനറുടേയും പേരിലെടുത്ത സംയുക്ത അക്കൗണ്ടിലൂടെയേ പണമിടപാട് നടത്താൻ പാടുള്ളൂ. പ്രസ്തുത അക്കൗണ്ടിന്റെ പാസ് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഡി) ഫൈനൽ ബിൽ നൽകുമ്പോൾ ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങിയിരിക്കേണ്ടതാണ്. മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ കാരണം 4,36,298/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. മേൽ അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കാവുന്നതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/18-19 തീയതി 16.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-28 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി -സബ്സിഡി തെറ്റായ അക്കൗണ്ടിലേക്ക് നൽകി

| | |
|---|---|
| പ്രൊജക്ട് നം. | 7/18-19 |

| | |
|---|---|
| <u>അടങ്കൽ</u><br>1. വികസന ഫണ്ട്<br>( ജനറൽ) | 11,00,000/- |
| 2. ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5,00,000/- |
| 3. ജില്ലാ പഞ്ചായത്ത് വിഹിതം | 1,50,000/- |
| ആകെ | 17,50,000/- |
| <u>ചെലവ്</u> | 1) ബിൽ നം. KTA 01/18-19/20.12.2018 – 11,00,000/-<br>2) ചെക്ക് നം. JK 2788494/13.02.2019 – 50,000/- (ബ്ലോക്ക് വിഹിതം )<br>3) ചെക്ക് നം. JK 2788496/21.03.2019 – 1,50,000/- (ജില്ലാ പ. വിഹിതം)<br>ആകെ – 13,00,000/- |

2018-19 വർഷം ഡയറിഫാം ഇൻസ്ട്രക്ടർ നിർവഹണ ഉദ്യോഗ്സ്ഥയായി നടപ്പിലാക്കിയ പദ്ധതിയിൽ, പഞ്ചായത്തിലെ ചമൽ ക്ഷീരോത്പ്പാദക സംഘത്തിൽ പാൽ അളന്ന ശ്രീമതി. അന്നമ്മ ജോസഫ് എന്നവർക്ക് പാൽ സബ്സിഡിയായി തൻവർഷം 18,063/- രൂപ കേരള ഗ്രാമീൺ ബാങ്കിലെ 40214101010217 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഫയലിൽ ലഭ്യമാക്കിയ ചമൽ ക്ഷീരോത്പ്പാദക സംഘം സെക്രട്ടറിയുടെ സ്റ്റേറ്റ്മെന്റ് പ്രകാരം അവരുടെ ബാങ്ക് അക്കൌണ്ട് നമ്പർ കേരള ഗ്രാമീൺ ബാങ്കിൽ നം. 402141004384 ആണ്. ഈ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം. 14/2018-19 തീയതി 16.10.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പാൽ സബ്സിഡി യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണ് ലഭിച്ചിട്ടുള്ളതെന്ന് ഉറപ്പുവരുത്തുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. ഇപ്രകാരം സബ്സിഡിയായി അനുവദിച്ച 18063/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

# 1-29 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - വകയിരുത്തിയ ബ്ലോക്ക് പഞ്ചായത്ത് വിഹിതം പൂർണ്ണമായും ലഭിച്ചില്ല

2018-19 വർഷം ക്ഷീര കർഷകർക്ക് അർഹമായ പാൽ സബ്സിഡി നൽകിയില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | 7/18-19 |
| <u>അടങ്കൽ</u><br>വികസന ഫണ്ട്<br>(ജനറൽ) | 11,00,000/- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5,00,000/- |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1,50,000/- |
| ആകെ | 17,50,000/- |
| <u>ചെലവ്</u> | 1) ബിൽ നം. KTA 01/18-19/20.12.2018 – 11,00,000/- |

| | |
|---|---|
| | 2) ചെക്ക് നം. JK 2788494/13.02.2019 – 50,000/- (ബ്ലോക്ക് വിഹിതം)<br>3) ചെക്ക് നം. JK 2788496/21.03.2019 – 1,50,000/- (ജില്ലാ പ. വിഹിതം)<br>ആകെ – 13,00,000/- |

2018-19 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.2 ജി.ഒ (എം.എസ്) നം.22/2018/ത.സ്വ.ഭവ തീയതി 14.02.2018 പ്രകാരം ക്ഷീരകർഷകർ അളക്കുന്ന പാലിന് ലിറ്ററിന് 4/- രൂപ എന്ന തോതിൽ പരമാവധി 40,000/- രൂപ പാലിന് സബ്സിഡി നൽകാവുന്നതാണ്. അപ്രകാരം പദ്ധതിയിൽ വിഭാവനം ചെയ്തതെങ്കിലും 5,00,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വകയിരുത്തിയതിൽ കേവലം 50,000/- രൂപ മാത്രമാണ് ലഭിച്ചത്. ഈ വർഷം 5 ക്ഷീര സംഘങ്ങളിലായി 229 കർഷകർ സംഘത്തിൽ പാൽ അളന്നിട്ടുണ്ടെങ്കിലും സബ്സിഡി തുക അനുവദിച്ച 04/2018 മുതൽ 11/2018 വരെയുള്ള കാലയളവിൽ 188 കർഷകരാണ് പാൽ അളന്നിട്ടുള്ളത്. 04/18 മുതൽ 11/2018 വരെയുള്ള കാലയളവിൽ അളന്ന 3,51,534 ലിറ്റർ പാലിന് തന്നെ പൂർണ്ണമായും സബ്സിഡി നൽകാൻ സാധിച്ചില്ല. (ലിറ്ററിന് 3.69 രൂപ എന്ന തോതിലാണ് സബ്സിഡി നൽകിയത് ). വളരെ ക്ലേശത അനുഭവിക്കുന്ന ക്ഷീര കർഷകർക്ക് അർഹമായ ആനുകൂല്യം നൽകുന്നതിന് പദ്ധതിയിൽ വകയിരുത്തിയ തുക തന്നെ ലഭിച്ചില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 10/2018-19 തീയതി 16.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

# 1-30 പാലിയേറ്റീവ് രോഗികൾക്ക് മരുന്ന് ലഭ്യമാക്കുന്നതിൽ വൻ കാലവിളംബം.

2018-19 വർഷം പാലിയേറ്റീവ് രോഗികൾക്ക് മരുന്ന് ലഭ്യമാക്കുന്നതിൽ വൻ കാലവിളംബം ഉണ്ടായി. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| പ്രൊജക്ട് നം. | 25/18-19 – പാലിയേറ്റീവ് കെയർ |
|---|---|
| അടങ്കൽ<br>വികസന ഫണ്ട്<br>( ജനറൽ) | 6,50,000/- |
| ചെലവ് | 5,91,139/- |

2018-19 വർഷം പാലിയേറ്റീവ് കെയർ പദ്ധതിയിൽപ്പെടുത്തി ബിൽ നം. 19/18-19 തീയതി 27.12.2018 പ്രകാരം 70,000/- രൂപ പാലിയേറ്റീവ് രോഗികൾക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയെങ്കിലും വളരെ അടിയന്തിരമായി ലഭിക്കേണ്ട ഈ മരുന്നുകൾ പൂർണ്ണമായും ലഭിക്കുന്നതിന് ഏകദേശം രണ്ട് വർഷമെടുത്തുവെന്നത് ഗൗരവമായ വിഷയമാണ്. മരുന്ന് ലഭിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇൻവോയ്സ് നം. | തുക | തീയതി |
|---|---|---|
| 4688 | 16374 | 31.7.2019 |
| 7460 | 13277 | 02.11.2019 |
| 7466 | 6099 | 02.11.2019 |
| 7470 | 12937 | 02.11.2019 |
| | | |

| | | |
|---|---|---|
| 1969 | 3873 | 09.05.2020 |
| 5567 | 9245 | 17.07.2020 |
| 6260 | 8195 | 17.08.2020 |
| ആകെ | 70,000 | |

സമൂഹത്തിലെ ഏറ്റവും അവശരായ ഈ വിഭാഗം രോഗികൾക്കുള്ള അവശ്യ മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിനായി നിർവഹണ ഉദ്യോഗസ്ഥൻ കെ.എം.എസ്.സി.എൽ - മായി കരാറിലേർപ്പെടേണ്ടതും മരുന്നുകൾ അപ്രകാരം ലഭ്യമാകാത്ത പക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 17/2018-19 തീയതി 16.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-31 ആരോഗ്യസ്ഥാപനങ്ങളുടെ മുഖഛായ മാറ്റുന്നതിന് ആർദ്രം മിഷനുമായി കൈകോർത്ത് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്

2018-19 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.5.7 (ജി.ഒ (എം.എസ് ) നം. 22/2018/ത.സ്വ.ഭവ തീയതി 14.02.2018), ജി.ഒ (പി) നം. 10/2017/ ആ.സാ.വ തീയതി 19.04.2017 ഖണ്ഡിക 4.2.1 എന്നിവ പ്രകാരം നവകേരളമിഷൻ പദ്ധതികളിലൊന്നായ ആർദ്രം മിഷനുമായി കൈകോർത്ത് പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ സമഗ്രമായ വികസനത്തിന് സ്ഥാപന തല പദ്ധതി തയ്യാറാക്കേണ്ടതും ആയത് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ പ്രതിഫലിക്കേണ്ടതുമാണ്. സർക്കാർ ആശുപത്രികളുടെ വിപുലീകരണം, ചികിത്സ തേടുന്നവർക്ക് ഗുണമേന്മയും സൗഹാർദ്ദപരവുമായ സേവനം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളുടെ പൂർത്തീകരണമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. 06.03.2017 – ന് ചേർന്ന പഞ്ചായത്തിലെ ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് ആർദ്രം മിഷന്റെ ഭാഗമായി സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 27.03.2018, 12.10.2018, 04.12.2018 എന്നീ തീയതികളിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും പഞ്ചായത്തിലെ വിവിധ ആരോഗ്യസ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിൽ ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിടം പണിതിട്ടുണ്ട് (മൂന്ന് നില പ്ലാൻ ചെയ്തതിൽ ഒരു നിലയുടെ പ്രവൃത്തി പൂർത്തികരിച്ചു). 2018-19 വർഷം ഹോമിയോ ഡിസ്പെൻസറിയുടെ നവീകരണത്തിന് പ്രൊജക്ട് നമ്പർ 140/18-19 ആയി 9 ലക്ഷം രൂപ വകയിരുത്തിയെങ്കിലും തൻവർഷം തുകയൊന്നും ചെലവഴിച്ചില്ല. പഞ്ചായത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളുടെ മുഖച്ഛായ മാറ്റുന്നതിനും ചികിത്സ തേടുന്നവർക്ക് ഗുണമേന്മയും സൗഹാർദ്ദപരവുമായ സേവനം ഉറപ്പാക്കുന്നതിനും ആർദ്രം മിഷനുമായി കൈകോർത്ത് പദ്ധതികൾ ആവിഷ്ക്കരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. ഈ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 12/2018-19 തീയതി 16.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-32 അങ്കണവാടികളിലെ ഭക്ഷണ വിതരണ രജിസ്റ്ററുകളിൽ തിരുത്തലുകൾ വരുത്തുന്നു.

2018-19 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ അങ്കണവാടി പോഷകാഹാരം (ജനറൽ) – പദ്ധതി നം. 06/18-19, അങ്കണവാടി പോഷകാഹാരം (എസ്. സി) – പദ്ധതി നം. 08/18-19 എന്നീ പദ്ധതികളിലായി വാങ്ങിയ ഭക്ഷ്യവസ്തുക്കൾ വിവിധ അങ്കണവാടികളിൽ ചെലവഴിച്ചതുമായി ബന്ധപ്പെട്ട് സെന്റർ നം. 139 - ചെമ്പുംകര, 141 – ക്വാറി, 138 – കാപ്പാട്ടുമ്മൽ എന്നിവയുടെ ഭക്ഷ്യവിതരണ രജിസ്റ്ററുകൾ പരിശോധിച്ചതിൽ രജിസ്റ്ററുകളിൽ വ്യാപകമായി വൈറ്റ്നർ ഉപയോഗിച്ച് തിരുത്തിയതായി

കണ്ടു. ഗുണഭോക്താക്കൾക്ക് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തതിന്റെ അടിസ്ഥാനരേഖയായ ഈ രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി യഥാസമയം രേഖപ്പെടുത്തുന്നതിലുണ്ടാകുന്ന വീഴ്ചയാണ് ഇത് കാണിക്കുന്നത്. ഇക്കാര്യത്തിൽ നിർവഹണ ഉദ്യോഗസ്ഥയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം. 15/2018-19 തീയതി 16.10.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-33 അങ്കണവാടി ഹെൽപ്പർ-വർക്കർമാർക്ക് ഹോണറേറിയം - വിശദവിവരങ്ങൾ ലഭ്യമാക്കിയില്ല.

അങ്കണവാടി ഹെൽപ്പർ – വർക്കർമാർക്ക് ഹോണറേറിയം നൽകുന്നതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രൊജക്ട് പ്രകാരം 4,84,917/- രൂപയും സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ട് പ്രകാരം 10,07,400/- രൂപയും ഓഡിറ്റ് വർഷം ചെലവഴിച്ചു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നം. | എസ്. 240/18-19 | എസ്. 247/18-19 |
|---|---|---|
| അടങ്കൽ -<br>വികസന ഫണ്ട് (ജനറൽ) | 5,06,000/- രൂപ | 10,07,400/- രൂപ |
| ചെലവ് | 4,84,917/- രൂപ<br>ബിൽ നം. 06/18-19 തീയതി 05.01.2019 | 10,07,400/- രൂപ<br>ബിൽ നമ്പർ 25/18-19 തീയതി 29.12.2018 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | സെക്രട്ടറി |

ഈ പ്രോജക്ടുകൾ പ്രകാരം അങ്കണവാടി വർക്കർ / ഹെൽപ്പർമാർക്ക് ഹോണറേറിയം ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 3/2018-19 തീയതി 13.10.2020, ഓഡിറ്റ് എൻക്വയറി നമ്പർ 18/2018-19 തീയതി 16.10.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഹോണറേറിയം ഇനത്തിൽ ചെലവഴിച്ച തുകയുടെ കൃത്യത പരിശോധിക്കുന്നതിനായി അംഗനവാടി വർക്കർ / ഹെൽപ്പർമാരുടെ അറ്റൻഡൻസ്, മുമ്പ് തുക നൽകിയതിന്റെ വിവരം, തുക കണക്കാക്കിയ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അതുവരെ ഈയിനത്തിൽ ചെലവഴിച്ച തുക തടസ്സത്തിൽ വെയ്ക്കുന്നു.

# 1-34 ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്-പ്രൊജക്ടിൽ വകയിരുത്തിയ തുക മുഴുവൻ ലഭിച്ചില്ല-ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചുമില്ല.

ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പദ്ധതിയിൽ വകയിരുത്തിയ തുക മുഴുവൻ ലഭിക്കുയോ ലഭിച്ച തുക പൂർണ്ണമായും ചെലവഴിക്കുകയോ ചെയ്തില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 9/18-19 |
| വികസന ഫണ്ട്<br>(ജനറൽ) | 7,00,000/- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3,50,000/- |
| ജില്ലാ പഞ്ചായത്ത് വിഹിതം | 3,50,000/- |
| ആകെ | 14,00,000/- |
| ചെലവ് | 1) ബിൽ നം. 7/18-19/21.01.2019 – 6,88,000/-<br>2) ബിൽ നം. 10/18-19/18.03.2019 – 12,000/-<br>3)ചെക്ക് നം. JK 2788495/21.03.2019 – 160950/- (ബ്ലോക്ക് വിഹിതം )<br>4)ചെക്ക് നം. JK 2788498/28.03.2019 – 162500/- (ജില്ലാ പ. വിഹിതം )<br>5)ചെക്ക് നം. JK 2788497/21.03.2019 – 187500/- (ജില്ലാ പ. വിഹിതം )<br>ആകെ – 12,10,950/- |

പ്രൊജക്ടിൽ 3,50,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വകയിരുത്തിയതിൽ 1,60,950/- രൂപ മാത്രമാണ് ലഭിച്ചത്. കൂടാതെ ജില്ലാ പഞ്ചായത്ത് വിഹിതമായി 2017-18 -ൽ ലഭിച്ച 1,87,500/- രൂപ 2018-19-ലും ചെലവഴിക്കാതെ സംയുക്ത പ്രൊജക്ടുകളുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ ( നം. 799011400001103 ) സൂക്ഷിച്ചിരിക്കുകയാണ്. പഞ്ചായത്തിലെ മാനസിക വെല്ലുവിളി അനുഭവിക്കുന്ന കുട്ടികൾക്ക് സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.6 പ്രകാരം ( സ.ഉ. നം. ( എം.എസ്) 22/2018/ത.സ്വ.ഭവ തീയതി 14.02.2018 ) 28,500/- രൂപ വരെ സ്കോളർഷിപ്പ് ലഭിക്കാൻ അർഹതയുണ്ടെങ്കിലും പല കുട്ടികൾക്കും 17,268/- രൂപ വീതമാണ് ലഭിച്ചിട്ടുള്ളത്. സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന ഈ വിഭാഗത്തിന് അർഹമായ തുക നൽകുന്നതിൽ ഉണ്ടായ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം. 9/2018-19 തീയതി 16.10.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-35 മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പഞ്ചായത്തിന്റെ കീഴിൽ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നില്ല

2018-19 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.8 പ്രകാരം (സ.ഉ. നം. 22/2018/ത.സ്വ.ഭവ തീയതി 14.02.2018) പ്രകാരം പഞ്ചായത്തുകൾക്ക് മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ബഡ്സ് സ്കൂൾ സ്ഥാപിക്കാവുന്നതാണ്. ബഡ്സ് സ്കൂൾ സ്ഥാപിക്കുവാനായി 22.05.2017 ൽ നടന്ന സാമൂഹ്യക്ഷേമം വർക്കിംഗ് ഗ്രൂപ്പ് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും നാളിതുവരെയായി ആയത് സ്ഥാപിച്ചിട്ടില്ല. സമൂഹത്തിന്റെ കരുതൽ ഏറ്റവും ആവശ്യമുള്ള ഈ കുട്ടികൾക്ക് അവരുടെ ശാരീരിക - മാനസിക വികാസത്തിന് ബഡ്സ് സ്കൂൾ പ്രവർത്തിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 11/2018-19 തീയതി 16.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-36 വയോജന സൗഹൃദ പ്രവർത്തനങ്ങൾ കൂടുതൽ

## ഊർജ്ജിതമാക്കണം

2018-19 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.13 (ജി.ഒ (എം.എസ്) നം. 22/2018/ത.സ്വ.ഭവ തീയതി 14.02.2018) പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിന് പകൽവീട്, വൃദ്ധസദനം എന്നിവ പഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. 6.03.2017, 16.05.2017 തീയതികളിൽ നടന്ന സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ വയോജനങ്ങൾക്ക് പകൽവീട് ആരംഭിക്കുവാൻ തീരുമാനമെടുത്തു. 2018-19 വർഷം പകൽ വീട് സ്ഥാപിക്കുവാൻ പ്രൊജക്ട് നം. 191/18-19 ആയി 8,50,000/- രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പിലാക്കിയില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 16/2018-19 തീയതി 16.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. വയോജനക്ഷേമത്തിനായുള്ള പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയില്ല

2018-19 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.7 (ജി.ഒ. (എം.എസ്) നം. 22/2018/ത.സ്വ.ഭ.വ തീയതി 14.02.2018) പ്രകാരം ഭിന്ന ലിംഗക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പഞ്ചായത്തുകൾക്ക് പദ്ധികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്. 2017-18, 2018-19 കാലയളവുകളിൽ ചേർന്ന സാമൂഹ്യനീതി, സാമൂഹ്യക്ഷേമം വർക്കിംഗ് ഗ്രൂപ്പുകൾ ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തുകയോ ഈ വിഭാഗക്കാർക്കു വേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. സമൂഹത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി വിവരശേഖരണം നടത്തി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 13/2018-19 തീയതി 16.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-38 പൂനൂർ പുഴ പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്തൽ - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0015/19 |
| പ്രോജക്ട് | പൂനൂർ പുഴ പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | തനത് ഫണ്ട് - 1,37,000 രൂപ |
| ചെലവഴിച്ച തുക | 1,36,590/- രൂപ<br>ചെക്ക് നമ്പർ 1545581 തീയതി 5.1.2019 |

കട്ടിപ്പാറ ഗ്രാമ പഞ്ചായത്തിലൂടെ ഒഴുകുന്ന പൂനൂർ പുഴയുടെ പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്തി കയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ ഒഴിപ്പിക്കുന്നതിനും പുറമ്പോക്കിന്റെ അതിരുകൾ കൃത്യമായി രേഖപ്പെടുത്തി സംരക്ഷിക്കുന്നതിനുമായാണ് പ്രോജക്ട് തയ്യാറാക്കിയത്. ഈ പ്രവൃത്തിയ്ക്കായി താമരശ്ശേരി താലൂക്ക് സർവ്വേയർ 1,37,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകി. ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി 1,36,590/- രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് താമരശ്ശേരി താഹസിൽദാരുടെ 717011400000094 നമ്പർ അക്കൗണ്ടിൽ 22.01.2019 ന് അടവാക്കി. തുക അടവാക്കി 20 മാസങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ചതായി വിവരമൊന്നും ലഭ്യമല്ല. താമരശ്ശേരി താഹസിൽദാരുമായി ബന്ധപ്പെട്ട് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 2/2018-19 തീയതി 13.10.2020)

മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല

ജി.ഒ. (പി) 3/2012/പി.ഡബ്ള്യൂ.ഡി തിയ്യതി 01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു. സെക്ഷൻ 2112.1 അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1% വും തുടർന്ന് ഓരോ തവണയും 2% വും, മാക്സിമം 1,00,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്. അങ്ങനെയല്ലാത്ത പക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1% ( പരമാവധി 10% ) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ് ചെയ്യുകയും സെക്ഷൻ 2116.2,2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവർത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ | ബിൽ നമ്പർ, തുക |
|---|---|---|---|---|
| 1 | 168/19<br>കൊട്ടാരപ്പറമ്പ് പള്ളി റോഡ് | 1,25,000 | കെ. എം. ഗോപാലകൃഷ്ണൻ | 1,24,463/-<br>(14/10-07-2018) |
| 2 | 182/19<br>എട്ടേക്ര നിസ്കാരപ്പള്ളി റോഡ് | 2,40,000 | അബ്ദുൾ സത്താർ പി. എം | 2,39,924/-<br>(110/27-03-2019) |
| 3 | 198/19<br>ചമൽ സബ്സെന്റർ നവീകരണം | 2,00,000 | അബ്ദുൾ സത്താർ പി. എം | 1,96,992/-<br>(109/27-03-2019) |
| 4 | 180/19<br>പ്ളാപ്പറ്റ പുല്ലുമല റോഡ് | 4,00,000/- | അബ്ദുൾ സത്താർ പി. എം | 4,00,000/-<br>(108/19-03-2019) |

ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ | കരാർ പ്രകാരം തുക | പൂർത്തീകരിക്കേണ്ട തിയ്യതി, കാലയളവ് | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീ കരണത്തിന് ഈടാക്കേണ്ട പിഴ 1% ( കാലയളവിന്റെ 25% ) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 2% ( കാലയ ളവിന്റെ 25% * തവണ ) | ആകെ ദീർഘീ കരണത്തിന് ഈടാക്കേണ്ട പിഴ |
| 1 | 168/19 | 125,000 | 180 ദിവസം | 11.04.2018(227 ദിവസം) | 1250(45ദിവസം) | (182ദിവസം/45=4.04)<br>2500x4.04=10,100 | 11,350 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കൊട്ടാരപ്പറമ്പ് പള്ളി റോഡ് | | (27.08.2017) | | | | |
| 2 | 182/19<br>എട്ടേക്ര നിസ്കാരപ്പള്ളി റോഡ് | 2,40,000 | 180 ദിവസം<br>(6.06.2018) | 2.03.2019<br>(269ദിവസം) | 2400(45ദിവസം) | (224ദിവസം/45=4.97)<br>4,800x4.97=23,856 | 26,256 |
| | 198/19<br>ചമൽ സബ്സെന്റർ നവീകരണം | 2,00,000 | 180 ദിവസം<br>(6.06.2018) | 2.03.2019<br>(268ദിവസം) | 2,000<br>(45ദിവസം) | (223ദിവസം/45=4.95)<br>4,000x4.95=19,800 | 21,800 |
| | 180/19<br>പ്ളാപ്പറ്റ പുല്ലുമല റോഡ് | 4,00,000 | 180 ദിവസം<br>(6.06.2018) | 25.02.2019<br>(264ദിവസം) | 4,000<br>(45ദിവസം) | (219ദിവസം/45=4.86)<br>8,000x4.86=38,880 | 42,880 |
| | ആകെ | | | | | | 1,02,286 |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് സാമ്പത്തിക വർഷം കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. നടപടികൾ സ്വീകരിക്കാതിരുന്നത് സൂപ്പർവൈസറി തലത്തിലും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി തലത്തിലും പരിശോധിക്കപ്പെടുകയുണ്ടായില്ല. ഇത് ഗ്രാമപഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്നതിനിടയാക്കുന്നു. ഇതിന് കാരണക്കാരായവരിൽ നിന്നും നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ഗ്രാമപഞ്ചായത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമാണ്. കരാറുകാരിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 1,02,286/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/18-19 തീയതി 16.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-2 മണ്ണ് ഫില്ലിംഗ് കരാറുകാരന് അധിക തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ

പ്രൊജക്ട് : പകൽ വീട് ചുറ്റുമതിൽ നിർമ്മാണം

പ്രൊജക്ട് നംപർ : 123/19

ബിൽ നംപർ, തുക : 45/29.10.18 – 2,87,561/-

എം. ബുക്ക് : 107/17-18

മേൽ പ്രവൃത്തിയുടെ ഇനം 1 ആയി 20.56m3 മണ്ണ് കിളച്ച് മാറ്റിയതിന് (എം. ബുക്ക് 107/17-18 പേജ് നമ്പർ 1, 2, 3) m3 ന് 228.38 രൂപ നിരക്കിൽ 4695.49 രൂപ നൽകിയിട്ടുണ്ട്. ഇതേ പ്രവൃത്തിയുടെ ഇനം 7 ആയി 31.60m3 മണ്ണ് ഫില്ലിംഗ് ചെയ്തതിന് (എം. ബുക്ക് 107/17-18 പേജ് നമ്പർ 18, 19) m3 ന് 425.56 രൂപ നിരക്കിൽ 13,447.69 രൂപയും ഈ ബില്ലിൽ ഉൾപ്പെടുന്നുണ്ട്. കോൺട്രാക്ടറുടെ സ്വന്തം മണ്ണ് കൊണ്ടുവന്ന് ഫില്ലിംഗിനായി ഉപയോഗിച്ചതിനാണ് ഇനം 7 ന് തുക നൽകിയിരിക്കുന്നത്. ഇനം 1 പ്രകാരം കിളച്ചുമാറ്റിയ 20.56m3 മണ്ണ്, മണ്ണ് ഫില്ലിംഗിന് യോഗ്യമല്ലെന്ന് എം. ബുക്കിൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇനം 1 പ്രകാരം കിളച്ച് മാറ്റിയ 20.56m3 മണ്ണ് ഇനം 7 ൽ കുറവുവരുത്തേണ്ടതായിരുന്നു. എന്നാൽ അപ്രകാരം കുറവ് വരുത്തിയിട്ടില്ല. ഇങ്ങനെ കുറവ് വരുത്താത്തതിനാൽ 20.56m3 മണ്ണ് ഫില്ലിംഗിന്റെ തുക കരാറുകാരന് അധികം നൽകുകയുണ്ടായി. ഇനം 7 എർത്ത് ഫില്ലിംഗിൽ നിന്ന് ഇനം 1 പ്രകാരമുള്ള 20.56 m3 കുറവ് വരുത്താത്തതിനാൽ m3 ന് 425.56 രൂപ നിരക്കിൽ 8,750/- രൂപയാണ് കരാറുകാരന് അധികം നൽകിയത്. ഇങ്ങനെ അധികമായി കരാറുകാരന് നൽകിയ 8,750/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ് അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 33/18-19 തീയതി 16.10.202) ലഭ്യമാക്കിയിട്ടില്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധിച്ചതിന്റെ വിവരം

| ഓഡിറ്റ് വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 01/08/2019 മുതൽ 02/08/2019 വരെ | നമ്പർ കെ.എസ്.എ.കെ.കെ.ഡി. ഇ.2 887/19(21 ) തിയതി 03/08/2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 1,50,000 | പാലിന് സബ്സിഡി | 1,50,000 | 0 |
| | | 2,66,053 | ലൈഫ് ഭവന നിർമാണം- എസ് സി | 3,00,000 | 2,36,053 |
| | | 7,10,970 | ലൈഫ് ഭവന നിർമാണം-ജനറൽ | 6,72,000 | 38,970 |
| | | 3,50,000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,50,000 | 1,87,500 (മുൻബാക്കി) |
| | | 0 | കറവ പശുവിന് കാലിത്തീറ്റ | 0 | 84,000 (മുൻബാക്കി) |
| ബ്ലോക്ക് പഞ്ചായത്ത് | | 1,60,950 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,60,950 | 0 |
| | | 50,000 | മിൽക്ക് സബ്സിഡി | 50,000 | 0 |
| | | 14,44,000 | ലൈഫ് ഭവന നിർമാണം – ജനറൽ | 14,44,000 | 0 |
| | | 4,20,000 | ലൈഫ് ഭവന നിർമാണം – എസ്.സി | 4,20,000 | 0 |
| ആകെ | | | | | 5,46,523 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ഉദ്യോഗസ്ഥന്റെ വിവരം | രസീത് നം. |
|---|---|---|---|---|
| 2017-18 | 3(3) | 2,000 | ശ്രീമതി. അഖില ഉണ്ണികൃഷ്ണൻ എ. ഇ | 118030104081 |

## 4-7 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ | സ. ഉ (എം. എസ്.) നം. 3309/08/ എൽ.എസ്.ജി.ഡി./ തീയതി 31.12.2009 | 1,39,21,500 | 4,81,560 | 4,81,560 | -- | 0 |
| ലൈഫ് | സ. ഉ (എം. എസ്.) നം. 111/18/ എൽ.എസ്.ജി.ഡി./ തീയതി 13.08.2018 | 85,06,616 | ഇല്ല | 0 | 0 | 85,06,616 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| - | - | 2013-14 (അവലോകനം) | 6.4 | തെരുവ് വിളക്ക് സംരക്ഷണം | |
| | | 2013-14 (അവലോകനം) | 6.4.1 | തെരുവ് വിളക്ക് സ്ഥാപിച്ചതിന് രേഖകളില്ല | |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-4 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയതിന്റെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക | സർട്ടിഫിക്കറ്റ് നം | ഉത്തരവാദി | തുക | തുക അടവാക്കിയതിന്റെ വിവരം |
|---|---|---|---|---|
| 2009-10/3-2 | കെ.എസ്.എ 3621/സ്പെഷ്യൽ സെൽ സി.എസ്.സി/ജി. 2/168/1216 | ശ്രീ. ബേബി രവീന്ദ്രൻ, മെമ്പർ | 3640 | Rt. 3326/04 dtd 25.04.2018 |
| 2009-10/3-2 | „ | ശ്രീമതി. ജുബൈരിയ, മെമ്പർ | 3640 | „ |
| 2009-10/3-2 | | ശ്രീ. സത്യൻ, മെമ്പർ | 3640 | - |
| 2009-10/3-2 | | ശ്രീ. ഇ. കെ അഗസ്റ്റിൻ, മെമ്പർ | 3640 | - |
| 2009-10/3-2 | | ശ്രീമതി. ഷീബ സദാനന്ദൻ, മെമ്പർ | 3640 | 118030100092/20.04.2018 |
| 2009-10/3-2 | | ശ്രീമതി. റോസമ്മ തോമസ്, മെമ്പർ | 3640 | 118030100083/19.04.2018 |
| 2009-10/3-2 | | ശ്രീമതി. സാലി ഇമ്മാനുവൽ, മെമ്പർ | 3640 | - |
| 2009-10/3-2 | | ശ്രീ. എം. കെ പുന്നൂസ്, മെമ്പർ | 3640 | 118030100066/17.04.2018 |
| 2009-10/3-2 | | ശ്രീ. അബ്ദുൾ കരീം, മെമ്പർ | 3640 | - |
| 2009-10/3-2 | | ശ്രീ. സെയ്തുട്ടി ഹാജി, മെമ്പർ | 3640 | |
| | | | | |

| | | | | |
|---|---|---|---|---|
| 2009-10/3-2 | | ശ്രീ. കെ. ആർ രാജൻ, മെമ്പർ | 3640 | - |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,80,64,307 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,01,21,635 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,11,036 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 32,42,424 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 11,350 | ശ്രീമതി. അഖില ഉണ്ണികൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | | 90,936 | ശ്രീമതി. നിമ്മി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 8,750 | ശ്രീമതി. നിമ്മി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 15,000 | ശ്രീ. എം. എ റഷീദ്, സെക്രട്ടറി |
| 1-16 | 1,000 | ശ്രീ. എം. എ റഷീദ്, സെക്രട്ടറി |
| 1-19 | 4,79,746 | ശ്രീമതി. പ്രേമ സി, ഹെഡ്മാസ്റ്റർ |
| 1-20 | 8,00,000 | ശ്രീമതി. പ്രേമ സി, ഹെഡ്മാസ്റ്റർ |
| 1-27 | 4,36,298 | ശ്രീമതി. അഖില ഉണ്ണികൃഷ്ണൻ, അസി. എഞ്ചിനീയർ |
| 1-28 | 18063 | ശ്രീമതി. സുമില, ഡയറി ഫാം ഇൻസ്ട്രക്ടർ |

| | | |
|---|---|---|
| 1-33 | 4,84,917 | ശ്രീമതി. രമ്യ കെ. ആർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-33 | 10,07,400 | ശ്രീ. എം. എ റഷീദ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം. എ റഷീദ് | സെക്രട്ടറി, കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത് | ചേരിയങ്ങൽ (വീട്) എളേറ്റിൽ പി. ഒ കൊടുവള്ളി |
| ശ്രീമതി. പ്രേമ സി | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, ചമൽ | അമ്പാടി ഭവൻ, കേളോത്തുകണ്ടി, താമരശ്ശേരി |
| ശ്രീമതി. അഖില ഉണ്ണികൃഷ്ണൻ | അസി. എഞ്ചിനീയർ, കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത് | സായി ശ്രേയ, 1/4227 ബി, വെസ്റ്റ്ഹിൽ പി. ഒ, കോഴിക്കോട് |
| ശ്രീമതി. നിമ്മി | അസി. എഞ്ചിനീയർ, കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത് | കരിപ്പാൽ (വീട്), പന്തീരാങ്കാവ് പി. ഒ, കോഴിക്കോട് |
| ശ്രീമതി. രമ്യ കെ. ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത് | രശ്മി ഹൗസ്, തയ്യിൽ, പുതിയങ്ങാടി പി. ഒ, കോഴിക്കോട് |
| ശ്രീമതി. സുമില | ഡയറി ഫാം ഇൻസ്ട്രക്ടർ | അമൃത നിവാസ്, അത്തോളി പി.ഒ. കോഴിക്കോട് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 2005-06 | കെ.എസ്.എ. കെ.കെ.ഡി. പി1/ 611/16 /14.06.16 | 1 | 4-4 |
| 2006-07 | കെ.എസ്.എ. കെ.കെ.ഡി. പി1/ 491/15 | 10 | 2-5,3-1,3-2,3-3,3-4,3- |

| | | | |
|---|---|---|---|
| | /29.09.15 | | 5,<br>3-6,3-7,4-3,4-5 |
| 2007-08 | എൽ.എഫ്.<br>കെ.കെ.ഡി. പി1/ 1272/12 /19.09.12 | 31 | 1-3,2-1,2-4,2-6,2-7,2-9,<br>2-10,3-2,3-3,3-4,3-5,3-6(1),<br>3-6(2),3-6(3),3-9,3-11,3-12,3-13,<br>3-14,3-15,3-20,3-21,3-22,3-23,3-24,<br>3-25,3-26,3-27,4-3,4-6,4-7 |
| 2009-10 | കെഎസ്എ. കെ.കെ.ഡി. പി1/336/17/15.04.2017 | 13 | 1-3,3-1,3-2,3-3,3-4,3-6(1),<br>3-6(3),3-8,3-9,3-10,3-11,3-13,4-3 |
| 2010-11 | കെ.എസ്.എ. കെ.കെ.ഡി. പി1/2238/16/27.04.2017 | 4 | 3-2,3-5,3-8,3-10 |
| 2011-12&<br>2012-13 | കെ.എസ്.എ. കെ.കെ.ഡി. പി1/1904/16/04.05.2017 | 10 | 1-9,3-2,3-4,3-6,3-7,3-8,<br>3-9,3-11,3-12,3-16(1,2) |
| 2013-14&<br>2014-15 | കെ.എസ്.എ. കെ.കെ.ഡി. പി1/1905/16/18.03.2017 | 9 | 2-2,3-1,3-2,3-3,3-4,3-8,<br>3-10,3-11,3-13 |
| 2015-16 | കെ.എസ്.എ.<br>കെ.കെ.ഡി.പി1/576/17/27.04.2017 | 7 | 3-2,3-3,3-4,3-6,3-7,3-8,4-9 |
| 2016-17 | കെ.എസ്.എ.<br>കെ.കെ.ഡി.പി1/1563/17/15.02.2018 | 28 | 2-1(1),2-1(2),2-1(3),2-1(4), 2-2(5),2-3(1),2-3(3),2-4(1),<br>2-4(2),2-5(1 to 7), 2-6,3-1,3-2,3-3,3-4,<br>3-5,3-6, 3-7,3-9,3-10,3-11,4-9 |
| 2017-18 | കെ.എസ്.എ.<br>കെ.കെ.ഡി.പി15/2541/18/06.12.2018 | 17 | 1-12, 2-1, 2-2(1), 2-2(3),<br>2-4, 3-1(1), 3-1(2), 3-2,<br>3-3, 3-4, 3-5, 3-7, 3-9, 3-10, 3-13, 3-14, 4-10 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# അനുബന്ധം.1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നമ്പർ. കെ.എസ്.എ.കെ.കെ.ഡി.പി.1/1050/2020 തീയതി 12.11.2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കട്ടിപ്പാറ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്